# പതിമൂന്നാം കേരള നിയമസഭ
# (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 179** **16/02/2016-ൽ മറുപടിയ്ക്ക്**

## മത്സ്യസമൃദ്ധി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി.മോയിൻ കുട്ടി:<br>ശ്രീ. എം. ഉമ്മർ:<br>ശ്രീ. പി. ബി. അബ്ദുൾ റസാക്:<br>ശ്രീ. കെ. എൻ. എ. ഖാദർ : | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| എ) പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനുള്ള മത്സ്യസമൃദ്ധി രണ്ടാം ഘട്ട പദ്ധതി വിശദമാക്കുമോ; | എ) മത്സ്യസമൃദ്ധി II ന്റെ ഭാഗമായി പൊതുജലാശയങ്ങളിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി പദ്ധതി കാലയളവിൽ (2015–18) ഓരോ ജില്ലയ്ക്കും 5 ലക്ഷം രൂപ വീതം മൂന്ന് വർഷങ്ങളിലായി 210 ലക്ഷം രൂപയാണ് പദ്ധതിയിൽ വകയിരുത്തിയിരുന്നത്. സംസ്ഥാനത്തെ 14 ജില്ലകളിലെയും തെരഞ്ഞെടുത്ത പൊതു ജലാശയങ്ങളിൽ ഗുണമേന്മയുള്ള മത്സ്യ 'വിത്തു നിക്ഷേപിക്കുന്നതു വഴി ഓരോ വർഷവും 1500 ടൺ അധിക മത്സ്യഉല്പാദനമാണ് പ്രതീക്ഷിക്കുന്നത്. |
| ബി) ഇതിന്റെ ഒന്നാം ഘട്ടത്തിൽ എന്തൊക്കെ പ്രവൃത്തികൾ ഏറ്റെടുത്തെന്നും എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാനായി എന്നും വ്യക്തമാക്കുമോ; | ബി) പദ്ധതിയുടെ ഒന്നാം വർഷത്തിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ തെരഞ്ഞെടുക്കപ്പെട്ട 50 സൈറ്റുകളിലായി വിവിധ ഇനത്തിൽപ്പെട്ട 72.31 ലക്ഷം മത്സ്യക്കുഞ്ഞുങ്ങളെ ആകെ നിക്ഷേപിക്കുകയുണ്ടായി പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ആദ്യഗഡുവായി 3 ലക്ഷം രൂപയാണ് ഓരോ ജില്ലയ്ക്കും അനുവദിച്ചു നൽകിയിച്ചുള്ളത്. പദ്ധതിയുടെ വിശദവിവരം ചുവടെ ചേർക്കുന്നു. |

| ജില്ല | ആദ്യഗഡുവായി അനുവദിച്ച തുക | വിത്ത് നിക്ഷേപിച്ച സൈറ്റുകളുടെ എണ്ണം | നിക്ഷേപിച്ച ആകെ മത്സ്യവിത്തിന്റെ എണ്ണം |
|---|---|---|---|
| തിരുവനന്തപുരം | 300000 | 5 | 487000 |
| കൊല്ലം | 300000 | 5 | 783258 |
| പത്തനംതിട്ട | 300000 | 4 | 980160 |
| ആലപ്പുഴ | 300000 | 3 | 559000 |
| കോട്ടയം | 300000 | 4 | 490000 |

| | | | |
|---|---|---|---|
| ഇടുക്കി | 300000 | 4 | 556800 |
| എറണാകുളം | 300000 | 3 | 374184 |
| തൃശ്ശൂർ | 300000 | 3 | 508660 |
| പാലക്കാട് | 300000 | 3 | 512682 |
| മലപ്പുറം | 300000 | 3 | 485994 |
| കോഴിക്കോട് | 300000 | 3 | 185480 |
| വയനാട് | 300000 | 3 | 263619 |
| കണ്ണൂർ | 300000 | 3 | 506944 |
| കാസർഗോഡ് | 300000 | 4 | 537400 |
| **ആകെ** | **4200000** | **50** | **7231181** |

സി) അടുക്കള, കുളം - മത്സ്യകൃഷി വ്യാപിപ്പിക്കുന്നതിന് മുൻഗണന നൽകുമോ?

സി) 2012-15 കാലയളവിൽ വിജയകരമായി നടപ്പിലാക്കിയ മത്സ്യസമൃദ്ധി 1-ാം ഘട്ട പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരുന്ന അടുക്കളക്കുളം-മത്സ്യകൃഷി പദ്ധതി മത്സ്യസമൃദ്ധി II പദ്ധതിയിലും കൂടുതൽ ആനുകൂല്യം നൽകി നടപ്പിലാക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്.

മത്സ്യസമൃദ്ധി II പദ്ധതിയിൽ മൂന്ന് വർഷങ്ങളിലായി സംസ്ഥാനത്ത് ആകെ 6000 യൂണിറ്റ് അടുക്കളക്കുളങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഒന്നാം വർഷം (2015-16) 1500 യൂണിറ്റും രണ്ടാം വർഷം (2016-17) 2000 യൂണിറ്റും മൂന്നാം വർഷം (2017-18) 2500 യൂണിറ്റും അടുക്കളക്കുളങ്ങൾ നടപ്പിലാക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുള്ളത്. മൂന്ന് സെന്റ് വരെയുള്ള കുളങ്ങളെയാണ് അടുക്കളക്കുളം പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. 1 സെന്റിന് 1000 രൂപ സബ്സിഡി നിരക്കിൽ (പരമാവധി 2500 രൂപ) ആണ് കർഷകർക്ക് ആനുകൂല്യം ലഭ്യമാക്കുന്നത്.

**സെക്ഷൻ ആഫീസർ**